# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : **2490.**

18..7..2011-ൽ മറുപടിക്ക്

## പാലിലെ മായം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.എസ്. സുനിൽ കുമാർ,<br>ശ്രീമതി ഇ.എസ്. ബിജിമോൾ,<br>ശ്രീ. ചിറ്റയം ഗോപകുമാർ.<br>ശ്രീ. പി. തിലോത്തമൻ.** | **ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പ് മന്ത്രി)** |
| (എ) പാലിൽ മായം ചേർക്കുന്നത് കണ്ടുപിടിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളത്; ആധുനിക സൗകര്യങ്ങളുള്ള ലബോറട്ടറി സ്ഥാപിക്കുന്നതിനുദ്ദേശിക്കുന്നുണ്ടോ; | (എ) പാലിൽ മായം ചേർക്കുന്നത് കണ്ടുപിടിക്കുന്നതിന് ക്ഷീരവികസന വകുപ്പിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്ന ക്വാളിറ്റി കൺട്രോൾ ലാബുകൾ ഉണ്ട്. കൂടാതെ, കേന്ദ്രസർക്കാരിന്റെ എം.എം.പി.ആർ.-92 പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള പാലക്കാട് ജില്ലയിലെ ആലത്തൂർ എം.എം.പി.ഒ. ഡയറി ലാബ് പ്രവർത്തിക്കുന്നു. ആധുനിക സംവിധാനങ്ങൾ ഉള്ള സ്റ്റേറ്റ് ഡയറി ലാബ് പട്ടം ഡയറി കോംപ്ലക്സിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രാഥമിക സഹകരണ സംഘങ്ങളിൽ പാൽ ലഭിക്കുന്നതു മുതൽ പാൽ വിതരണത്തിന് തയ്യാറാക്കുന്നത് വരെയുള്ള വിവിധ ഘട്ടങ്ങളിൽ കർശന ഗുണ നിലവാര നിയന്ത്രണം മിൽമ ഉറപ്പാക്കുന്നുണ്ട്. ഇതിനു പുറമേ പാലിന്റെയും പാലുല്പന്നങ്ങളുടെയും സാമ്പിൾ സർക്കാര അനലറ്റിക്കൽ ലബോറട്ടറികളിലും പ്രമുഖ ലബോറട്ടറികളിലും അയച്ച് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നുണ്ട്. ഫുഡ് സേഫ്റ്റി കമ്മിഷണറുടെ കീഴിലും ഇതിനാവശ്യമായ സംവിധാനങ്ങളുണ്ട്. |

(ബി) മായം ചേർത്ത പാൽ വിതരണം ചെയ്ത് ഉപഭോക്താക്കളെ കബളിപ്പിക്കുന്ന കമ്പനികളെ നേരിടുന്നതിന് നിലവിലുള്ള നിയമം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്തെല്ലാം ഭേദഗതികളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി) പാൽ ഉൾപ്പെടെയുള്ള ആഹാരപദാർത്ഥങ്ങളുടെ ഗുണനിലവാരം സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ്സ് ആക്റ്റ് 2006 ആണ് നിലവിലുള്ളത്. എഫ്.എസ്.എസ്.എ.-06 ന്റെ ഭാഗമായി വരുന്ന എം.എം.പി.ആർ.-92 ആണ് പാലിനെ സംബന്ധിച്ച് ബാധകമായിട്ടുള്ളത്. എഫ്.എസ്.എസ്.എ.-06 കേന്ദ്രസർക്കാരിന്റെ നിയമമാണ്. ആയതിനാൽ ഈ നിയമത്തിൽ ഭേദഗതി വരുത്തേണ്ടത് കേന്ദ്രസർക്കാരാണ്. മായം ചേർക്കൽ കണ്ടെത്തുന്ന പക്ഷം അത്തരം കമ്പനികൾക്കെതിരെ, അവ അടച്ചു പൂട്ടുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ.